മാധ്യമം

14 October 2023

# മത്സ്യോൽപാദനം കൂട്ടാൻ മാരികൾചർ പാർക്ക് വേണം -സി.എം.എഫ്.ആർ.ഐ

കൊച്ചി: വർധിച്ചുവരുന്ന ഭക്ഷ്യ-പോഷക ആവശ്യകതയുടെ പശ്ചാത്തലത്തിൽ മത്സ്യോൽപാദനം കൂട്ടാൻ മാരികൾചർ പാർക്കുകൾ വരണമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). കൊച്ചിയിൽ നടന്ന 16ാമത് കാർഷിക സയൻസ് കോൺഗ്രസിലാണ് നിർദേശം അവതരിപ്പിച്ചത്.

കടലിൽ കൂടുമത്സ്യകൃഷിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയ തീരങ്ങളിലാണ് മാരികൾചർ പാർക്ക് ഒരുക്കേണ്ടത്. ഇന്ത്യയിലാകെ 134 സ്ഥലങ്ങളിൽ 46,958 ഹെക്ടർ തീരക്കടൽ കൂടുമത്സ്യകൃഷിക്ക് അനുയോജ്യമാണെന്ന് സി.എം.എഫ്.ആർ.ഐ കണ്ടെത്തിയിരുന്നു. 333 സ്ഥലങ്ങൾ കടൽപായൽ കൃഷിക്ക് അനുയോജ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്.

പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന കൂടുകൃഷികൾ വ്യാപിക്കുന്ന സാഹചര്യം മാരികൾചർ പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ ഇല്ലാതാകും. ഈ കൃഷിരീതികൾ വ്യവസ്ഥാപിതവും കേന്ദ്രീകൃതവുമായ സ്വഭാവത്തോടെ ചിട്ടപ്പെടുത്താൻ പാർക്കുകൾക്ക് കഴിയും. സമഗ്ര ആസൂത്രണം, പുതിയ സാങ്കേതികവിദ്യകളുടെ പ്രചാരണം, അടിസ്ഥാനസൗകര്യ വികസനം, നയരൂപവത്കരണം, സ്ഥലനിർണയം തുടങ്ങിയ മുന്നൊരുക്കങ്ങൾ പാർക്കുകൾ സ്ഥാപിക്കാൻ ആവശ്യമാണ്.

സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക വികസനലക്ഷ്യങ്ങൾ യാഥാർഥ്യമാക്കാൻ ഇത് വഴിയൊരുക്കുമെന്ന് പ്രബന്ധം അവതരിപ്പിച്ച ഡോ. സുരേഷ്കുമാർ മൊജാഡ പറഞ്ഞു.